## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3176** **19/06/2018 ൽ** മറുപടിക്ക്

## തെരുവ് നായ ആക്രമണം തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | പൊതുജനങ്ങൾക്ക് തെരുവ് നായ്ക്കളിൽ നിന്നുണ്ടാകുന്ന ആക്രമണം ചെറുക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഫലവത്തായ ഒരു നടപടിയും ഉണ്ടാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | തെരുവുനായ്ക്കളുടെ വന്ധ്യംകരണ-ത്തിനായി നടപ്പിലാക്കുന്ന എ.ബി.സി. പദ്ധതി ഏതു ഘട്ടത്തിലാണ്; ഈ സർക്കാർ ഇതിനായി വകയിരുത്തിയ ഫണ്ട് എത്രയെന്നും ഇതുവരെ ചെലവാക്കിയത് എത്രയെന്നും അറിയിക്കാമോ; | ബി) എബിസി പ്രോഗ്രാമിനായി സംസ്ഥാനത്തെ നഗരസഭകൾ 2016-17 സാമ്പത്തിക വർഷത്തിൽ 7,52,31,554/- രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 6,55,44,800/- രൂപയും വകയിരുത്തിയിരുന്നു. അതിൽ 2016-17 വർഷത്തിൽ 1,03,96,966/- രൂപയും 2017-18 വർഷത്തിൽ 1,64,49,782/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ ആകെ 1,28,62,586/- രൂപാ ചെലവാക്കിയിട്ടുണ്ട്. |
| സി) | വന്ധ്യംകരണ നടപടികൾ മുടങ്ങിയതായ റിപ്പോർട്ടുകളുണ്ടോ; ഇതിനായി അനുവദിച്ച ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; | സി) ചില തദ്ദേശ സ്ഥാപനങ്ങളിൽ താല്കാലികമായും ഭാഗികമായും മുടക്കം വന്നിട്ടുണ്ട്. ഇതിനായി വകയിരുത്തിയിട്ടുണ്ടായിരുന്ന ഫണ്ട് പാഴായിപ്പോ-യേക്കാവുന്ന ഘട്ടത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ PMAY, LIFE പദ്ധികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. |
| ഡി) | ഇപ്രകാരം വന്ധ്യംകരണത്തിനും ചിപ്പുകൾ ഘടിപ്പിക്കുന്നതിനുമായി | ഡി) മൃഗസംരക്ഷണ വകുപ്പ്, ജില്ലാ പഞ്ചായത്ത്, കുടുംബശ്രീമിഷൻ എന്നിവ മുഖേനയും ചില |

| | | |
|---|---|---|
| | ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഈ വന്ധ്യംകരണ കേന്ദ്രങ്ങൾ എവിടെയൊക്കെയാണെന്ന് വിശദമാക്കുമോ? | നഗരസഭകൾ നേരിട്ടുമാണ് എ.ബി.സി പ്രോഗ്രാം നടപ്പിലാക്കുന്നത്. ചിപ്പുകൾ ഘടിപ്പിക്കുന്നതിന് ഏജൻസികളെയൊന്നും ചുമതലപ്പെടുത്തിയിട്ടില്ല.<br><br>തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കൊല്ലം, കോഴിക്കോട് എന്നീ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളിലും, നെടുമങ്ങാട്, മരട്, ഇരിങ്ങാലക്കുട, നോർത്ത് പറവൂർ, പാലാ, സൗത്ത് പറവൂർ, വൈക്കം, കളമശ്ശേരി, ചങ്ങനാശ്ശേരി, ആറ്റിങ്ങൽ, ആലുവ, തിരുവല്ല, തൃപ്പൂണിത്തുറ, തിരൂർ, വടകര, ആലപ്പുഴ, ഏലൂർ, ഗുരുവായൂർ, കരുനാഗപ്പള്ളി എന്നീ നഗരസഭകളിലും വന്ധ്യംകരണ കേന്ദ്രങ്ങൾ ഉണ്ട്.<br><br>ഗ്രാമ പഞ്ചായത്തുകളിൽ എ.ബി.സി പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ കേന്ദ്രങ്ങൾ ചുവടെ ചേർക്കുന്നു.<br>1) തിരുവനന്തപുരം: ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലീനിക്ക്- നെടുമങ്ങാട്, വെറ്ററിനറി പോളി ക്ലീനിക്ക്-നെയ്യാറ്റിൻകര, വെറ്ററിനറി ഹോസ്പ്പിറ്റൽ-വർക്കല.<br><br>2) കൊല്ലം : ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലീനിക്ക്- പുനലൂർ, വെറ്ററിനറി പോളി ക്ലീനിക്ക്-കരുനാഗപ്പള്ളി, വെറ്ററിനറി പോളി ക്ലീനിക്ക്-പറവൂർ.<br><br>3) ആലപ്പുഴ : ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലീനിക്ക്-ചേർത്തല, വെറ്ററിനറി പോളി ക്ലീനിക്ക്-ചെങ്ങന്നൂർ, വെറ്ററിനറി പോളി ക്ലീനിക്ക്-കായംകുളം, വെറ്ററിനറി പോളി ക്ലീനിക്ക്-മാങ്കൊമ്പ്.<br><br>4) പത്തനംതിട്ട : ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലീനിക്ക്-തിരുവല്ല, വെറ്ററിനറി പോളി ക്ലീനിക്ക്-റാന്നി.<br><br>5) കോട്ടയം : ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലീനിക്ക്-കാഞ്ഞിരപ്പള്ളി, വെറ്ററിനറി പോളി ക്ലീനിക്ക്-പരിയാരം, വെറ്ററിനറി പോളി ക്ലീനിക്ക്-വൈക്കം, വെറ്ററിനറി പോളി ക്ലീനിക്ക്-ചങ്ങനാശ്ശേരി. |

| | | |
|---|---|---|
| | | 6) ഇടുക്കി : ജില്ലാ വെറ്ററിനറി കേന്ദ്രം-തൊടുപുഴ.<br><br>7) എറണാകുളം : ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക്ക്-ആലുവ, വെറ്ററിനറി പോളി ക്ലിനിക്ക്-മട്ടാഞ്ചേരി, വെറ്ററിനറി പോളി ക്ലിനിക്ക്-നോർത്ത് പറവൂർ, വെറ്ററിനറി പോളി ക്ലിനിക്ക്-മൂവാറ്റുപുഴ.<br><br>8) തൃശ്ശൂർ : ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക്ക്-അന്തിക്കാട്, വെറ്ററിനറി പോളി ക്ലിനിക്ക്-ഇരിഞ്ഞാലക്കുട, വെറ്ററിനറി പോളി ക്ലിനിക്ക്- കൊടുങ്ങല്ലൂർ, വെറ്ററിനറി പോളി ക്ലിനിക്ക്-വടക്കാഞ്ചേരി.<br><br>9) പാലക്കാട് : ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക്ക്-ആലത്തൂർ, വെറ്ററിനറി പോളി ക്ലിനിക്ക്-ചിറ്റൂർ, വെറ്ററിനറി പോളി ക്ലിനിക്ക്-മണ്ണാർക്കാട്, വെറ്ററിനറി പോളി ക്ലിനിക്ക്-ഒറ്റപ്പാലം.<br><br>10) മലപ്പുറം : ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക്ക്-തിരൂർ, വെറ്ററിനറി പോളി ക്ലിനിക്ക്-മഞ്ചേരി.<br><br>11) കോഴിക്കോട് : ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക്ക്-പേരാമ്പ്ര, വെറ്ററിനറി പോളി ക്ലിനിക്ക്-വടകര.<br><br>12) വയനാട് : ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക്ക്- മാനന്തവാടി, വെറ്ററിനറി പോളി ക്ലിനിക്ക്- സുൽത്താൻ ബത്തേരി.<br><br>13) കണ്ണൂർ : ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക്ക്-തളിപ്പറമ്പ്, വെറ്ററിനറി പോളി ക്ലിനിക്ക്-തലശ്ശേരി.<br><br>14) കാസറഗോഡ് : ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക്ക്- കാഞ്ഞങ്ങാട്. |

| | | |
|---|---|---|
| | | പെരുമ്പാവൂർ, മട്ടന്നൂർ, പന്തളം, പാനൂർ, പത്തനംതിട്ട, വർക്കല, ഇരിട്ടി, കോതമംഗലം, മൂവാറ്റുപുഴ എന്നീ നഗരസഭകൾ കുടുംബശ്രീ മുഖേനയാണ് എബിസി പ്രോഗ്രാം നടപ്പിലാക്കുന്നത്.<br><br>കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ, ഒറ്റപ്പാലം, ചേർത്തല, പാലക്കാട്, കോട്ടയം, കുന്നംകുളം, മാവേലിക്കര, കാസർഗോഡ്, ചെർപ്പുളശ്ശേരി, അട്ടൂർ, കാഞ്ഞങ്ങാട്, മലപ്പുറം, കൊടുവള്ളി, കൊയിലാണ്ടി, മാനന്തവാടി, മഞ്ചേരി, മണ്ണാർക്കാട്, മുക്കം, നെയ്യാറ്റിൻകര, നിലമ്പൂർ, നീലേശ്വരം, പട്ടാമ്പി, പയ്യന്നൂർ, പയ്യോളി, പെരിന്തൽമണ്ണ, പിറവം, രാമനാട്ടുകര, ഷൊർണ്ണൂർ, ശ്രീകണ്ഠപുരം, സുൽത്താൻബത്തേരി, താനൂർ, തലശ്ശേരി, തളിപ്പറമ്പ്, തിരൂരങ്ങാടി, വളാഞ്ചേരി, വടക്കാഞ്ചേരി, ആന്തൂർ, അങ്കമാലി, ചാലക്കുടി, ചാവക്കാട്, ചെങ്ങന്നൂർ, ചിറ്റൂർ-തത്തമംഗലം, കട്ടപ്പന, കൊടുങ്ങല്ലൂർ, കൊണ്ടോട്ടി, കൂത്തുപറമ്പ്, കോട്ടയ്ക്കൽ, തൃക്കാക്കര, കായംകുളം, ഈരാറ്റുപേട്ട എന്നീ നഗരസഭകൾ ജില്ലാ പഞ്ചായത്ത് മുഖേനയാണ് എബിസി പ്രോഗ്രാം നടപ്പിലാക്കുന്നത്. |

(signature)

സെക്ഷൻ ഓഫീസർ